## പ്രധാനവാർത്തകൾ

1. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തുന്ന ഖത്തർ അമീർ രാഷ്ട്രപതിയുമായും പ്രധാനമന്ത്രിയുമായും കൂടിക്കാഴ്ച നടത്തും.

2. മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി യോഗം ഇന്ന് ന്യൂഡൽഹിയിൽ.

3. ഡൽഹിയിൽ ഇന്ന് പുലർച്ചെ ഉണ്ടായ ശക്തമായ ഭൂചലനത്തിന്റെ പശ്ചാത്തലത്തിൽ പോലീസ് അടിയന്തര ഹെൽപ് ലൈൻ നമ്പർ പുറത്തിറക്കി. ജനങ്ങൾ ജാഗ്രതപാലിക്കാൻ അഭ്യർത്ഥിച്ച് പ്രധാനമന്ത്രി.

4. വയനാട് പുനരധിവാസത്തെ കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് യോഗം ചേരും.

5. സംസ്ഥാനത്ത് താപനില ഉയർന്നതോടെ മുണ്ടിനീര് ബാധിച്ച് ചികിത്സ തേടുന്നവരുടെ എണ്ണം ഉയരുന്നതായി ആരോഗ്യവകുപ്പ്.

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്- റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

***********************************

## ഖത്തർ അമീർ

ഖത്തർ അമീർ -ഷെയ്ഖ് തമിം ബിൻ ഹമദ് അൽ താനി രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. രാഷ്ട്രപതി ഭവനിൽ നാളെ അദ്ദേഹത്തിന് ആചാരപരമായ സ്വീകരണം നൽകും. സന്ദർശനത്തിൽ രാഷ്ട്രപതിയുമായും പ്രധാനമന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

*************************************

## മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ

മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി യോഗം ഇന്ന് ന്യൂഡൽഹിയിൽ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ നടക്കുന്ന യോഗത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പ്രധാനമന്ത്രി നിർദ്ദേശിക്കുന്ന ഒരു കേന്ദ്രമന്ത്രി തുടങ്ങിയവർ പങ്കെടുക്കും. നിലവിലെ തിരഞ്ഞെടുപ്പ് കമ്മീഷണറുടെ കാലാവധി നാളെ അവസാനിക്കുന്ന സാഹചര്യത്തിലാണ് ഇന്ന് യോഗം.

RNU TVPM

*************************************

## ഡൽഹി -ഭൂചലനം

ഡൽഹിയിൽ ഇന്ന് പുലർച്ചെ ശക്തമായ ഭൂചലനം അനുഭവപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ പോലീസ് അടിയന്തര ഹെൽപ്പ് ലൈൻ നമ്പർ പുറത്തിറക്കി. അടിയന്തര സഹായത്തിന് 112 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ഡൽഹി നിവാസികളോട് ശാന്തരായിരിക്കാനും സുരക്ഷാ മുൻകരുതലുകൾ പാലിക്കാനും പ്രധാനമന്ത്രി നരേന്ദ്രമോദി

അഭ്യർത്ഥിച്ചു. റിക്ടർ സ്കെയിലിൽ 4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ ആളപായമോ നാശനഷ്ടമോ ഉണ്ടായതായി റിപ്പോർട്ടില്ല.

***********************************

## മുഖ്യമന്ത്രി -വയനാട്

വയനാട് പുനരധിവാസം സംബന്ധിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗം ഇന്ന്. വൈകിട്ട് അഞ്ചിന് തിരുവനന്തപുരത്താണ് യോഗം. ഉരുൾപൊട്ടൽ ദുരന്തം നടന്ന മുണ്ടക്കൈ, ചൂരൽമല മേഖലകളുടെ പുനർനിർമാണത്തിനുള്ള കേന്ദ്ര വായ്പാവിനിയോഗം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ചയാകും.

***********************************

## അരുവിപ്പുറം- മുഖ്യമന്ത്രി

ശ്രീനാരായണഗുരു പ്രഥമ പ്രതിഷ്ഠ നടത്തിയ അരുവിപ്പുറം ക്ഷേത്രത്തിലെ 137-ാമത് പ്രതിഷ്ഠാവാർഷികവും മഹാശിവരാത്രി ആഘോഷവും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. വൈകുന്നേരം 6.15 ന് കൊടിയേറ്റിന് ശേഷം നടക്കുന്ന സമ്മേളനത്തിൽ ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ അദ്ധ്യക്ഷനാകും. മന്ത്രി വി.എൻ.വാസവൻ, ശശി തരൂർ എം.പി തുടങ്ങിയവർ പങ്കെടുക്കും. ഈ മാസം 26 ശിവരാത്രി ദിവസം വരെയാണ് ആഘോഷം നടക്കുക.

***********************************

PRD TVPM

## മുണ്ടിനീര് (ഇൻട്രോ)

സംസ്ഥാനത്ത് താപനില ഉയർന്നതോടെ ആശുപത്രികളിൽ മുണ്ടിനീര് ബാധിച്ച് ചികിത്സ തേടുന്നവരുടെ എണ്ണം ഉയരുന്നതായി ആരോഗ്യവകുപ്പ്. ചൂടേറിയ കാലാവസ്ഥയിലാണ് രോഗബാധ കൂടുതലായി കണ്ടുവരുന്നതെന്നാണ് ആരോഗ്യവിദഗ്ധരുടെ അഭിപ്രായം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്....**

**( വോയിസ്....)**

**************************************

## റെയിൽവേ ഹെൽപ്പ്ലൈൻ

ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ ദുരന്ത സംഭവങ്ങൾ ഉണ്ടായ സാഹചര്യത്തിൽ മുൻകരുതൽ നടപടികളുമായി റെയിൽവേ. പ്രയാഗ്‌രാജിലേക്ക് പോകുന്ന എല്ലാ പ്രത്യേക ട്രെയിനുകളും പ്ലാറ്റ്ഫോം നമ്പർ 16 ൽ നിന്ന് സർവീസ് നടത്തുമെന്നും അജ്മേരി ഗേറ്റ് ഭാഗത്തു നിന്നായിരിക്കും പ്രവേശനവും എക്സിറ്റും എന്നും റെയിൽവേ പ്രസ്താവനയിൽ പറഞ്ഞു. ഭക്തരെ സഹായിക്കുന്നതിനായി ഇന്ന് അഞ്ച് പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തും. സഹായത്തിനായി ആളുകൾക്ക് റെയിൽവേ ഹെൽപ്പ്ലൈൻ നമ്പർ 139 -ഇൽ വിളിക്കാവുന്നതാണ്. കഴിഞ്ഞ ദിവസം ന്യൂഡൽഹി റയിൽവേ സ്റ്റേഷനിൽ തിക്കിലും തിരക്കിലുംപെട്ട് 18 പേർക്ക് ജീവഹാനി സംഭവിച്ചിരുന്നു.

**************************************

RNUTVPM

## ബി.എസ്.എഫ്

അതിർത്തി സുരക്ഷാ സേനയും ബംഗ്ലാദേശ് അതിർത്തി രക്ഷാ സേനയും തമ്മിലുള്ള 55-മത് ഡയറക്ടർ ജനറൽ തല- ബോർഡർ കോർഡിനേഷൻ സമ്മേളനത്തിന് ഇന്ന് തുടക്കം. ബിഎസ്എഫിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ നടക്കുന്ന സമ്മേളനത്തിൽ, അതിർത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങളും അതിർത്തി രക്ഷാ സേനകൾ തമ്മിലുള്ള മികച്ച ഏകോപനത്തിനുള്ള മാർഗ്ഗങ്ങളും ചർച്ചയാകും.

************************************

## ബീഹാർ -ഭൂചലനം

ഡൽഹിക്ക് പിന്നാലെ ബിഹാറിലും ഭൂചലനം. സിവാൻ ജില്ലയിൽ രാവിലെ 8.2 നാണ് ഭൂകമ്പം അനുഭവപ്പെട്ടത്. റിക്ടർ സ്കെയിലിൽ 4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം പരിസര ജില്ലകളിലും അനുഭവപ്പെട്ടു. ഭൂകമ്പത്തിൽ നാശനഷ്ടമോ ജീവഹാനിയോ ഉണ്ടായതായി റിപ്പോർട്ടില്ല.

RIJU TVPM

************************************

## വി. സോമണ്ണ-കേരളം

കേന്ദ്രബജറ്റ് ആശയ വിനിമയ പരിപാടിയിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര റെയിൽവേ - ജൽശക്തി വകുപ്പ് സഹമന്ത്രി വി. സോമണ്ണ നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുക്കും. കേന്ദ്ര ബജറ്റ് പ്രഖ്യാപനങ്ങൾ ചർച്ചയാകും.

************************************

## ബെന്യാമിൻ നെതന്യാഹു

ഗസയിലെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കാനും പുനരധിവസിപ്പിക്കാനുമുള്ള യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതായി ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു. പ്രദേശത്തിന്റെ ഭാവി സുരക്ഷിതമാക്കാനുള്ള ഏക മാർഗമാണിതെന്നും അദ്ദേഹം പറഞ്ഞു. യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി വിഷയം സംബന്ധിച്ച് ജറുസലേമിൽ വെച്ച് നെതന്യാഹു ചർച്ച നടത്തി.

************************************

## വൈദ്യുതി ഉപയോഗം-നിയന്ത്രണം

RNJ TVPM

ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവിടങ്ങളിലെ ഉത്സവങ്ങളുമായി ബന്ധപ്പെട്ട് വൈദ്യുതി ഉപയോഗത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. താൽക്കാലിക ജനറേറ്റർ ഉപയോഗിക്കുന്നതിന് മുമ്പ് ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖേന അനുമതി വാങ്ങണം. കെ.എസ്.ഇ.ബിയുടെ മുൻകൂർ അനുമതിയോടെ മാത്രമേ വൈദ്യുത പോസ്റ്റുകളിൽ വൈദ്യുതാലങ്കാരങ്ങളും വയറുകളും സ്ഥാപിക്കാവൂ എന്നും നിർദേശമുണ്ട്.

************************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്- റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. വഡോദരയിൽ രാത്രി 7.30 നാണ് മത്സരം.

************************************

## ഐ ലീഗ് ഫുട്ബോൾ

ഐ ലീഗ് ഫുട്ബോളിൽ തുടർച്ചയായ തോൽവികൾക്ക് ശേഷം ആശ്വാസ ജയം തേടി ഗോകുലം കേരള ഇന്നിറങ്ങും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ രാത്രി ഏഴിന് നടക്കുന്ന മത്സരത്തിൽ ഡൽഹി എഫ്.സി യെയാണ് ഗോകുലം നേരിടുക. പോയിന്റ് പട്ടികയിൽ ഗോകുലം ഏഴാം സ്ഥാനത്തും ഡൽഹി പതിനൊന്നാം സ്ഥാനത്തുമാണ്.

************************************

## രഞ്ജി ട്രോഫി ക്രിക്കറ്റ്

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനൽ മത്സരങ്ങൾക്ക് തുടക്കമായി. അഹമ്മദാബാദിൽ, കേരളവും ഗുജറാത്തും തമ്മിലുള്ള മത്സരത്തിൽ ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത കേരളം ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ രണ്ടു വിക്കറ്റ് നഷ്ടത്തിൽ 70 റൺസ് എന്ന നിലയിലാണ്. നാഗ്പുരിൽ മുംബൈ - വിദർഭ മത്സരവും പുരോഗമിക്കുകയാണ്.

************************************

RNU TVPM

## ശബരിമല

കുംഭമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് രാത്രി 10 ന് അടയ്ക്കും. ഇന്നലെ തന്ത്രി കണ്ഠരര് ബ്രഹ്മദത്തന്റെ കാർമികത്വത്തിൽ സഹസ്രകലശപൂജ നടന്നു. വൈകിട്ട് ആറിനു ശേഷം പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് തീർഥാടകരെ കയറ്റിവിടില്ല.

*************************************

## സംരംഭക വർഷം (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി മൂന്ന് വർഷത്തിനിടെ ഇടുക്കി ജില്ലയിൽ ആരംഭിച്ചത് 10,979 പുതിയ സംരംഭങ്ങൾ. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, സഹായങ്ങൾ ഊർജ്ജിതമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് സംരംഭക വർഷം പദ്ധതിക്ക് രൂപം നൽകിയത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ
പ്രതിനിധി **രതീഷ് കൃഷ്ണ....**

**(വോയിസ്..... )**

*************************************

## ആറ്റുകാൽ പൊങ്കാല

തലസ്ഥാനത്ത് ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. അടുത്തമാസം അഞ്ചിന് ഉത്സവം ആരംഭിക്കും. 13 നാണ് ആറ്റുകാൽ പൊങ്കാല. ഒന്നാം ഉത്സവദിനം കാപ്പുകെട്ടി ദേവിയെ കുടിയിരുത്തുന്ന ചടങ്ങ്

RNUTVPM

നടക്കും. ഉത്സവത്തോട് അനുബന്ധിച്ചുള്ള കലാപരിപാടികളുടെ ഉദ്ഘാടനം ചലച്ചിത്ര നടി നമിത പ്രമോദ് നിർവ്വഹിക്കും.

*************************************

## ഓഹരി- സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 31 പോയിന്റ് താഴ്ന്ന് 75,628 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 89 പോയിന്റ് നഷ്ടത്തിൽ 22,840 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില ഉയർന്നു. പവന് 400 രൂപ വർധിച്ച് 63,520 രൂപയും ഗ്രാമിന് 50 രൂപ ഉയർന്ന് 7,940 രൂപയുമാണ് ഇന്നത്തെ വില.

RIJU TVPM

*************************************

## വി.എൻ.വാസവൻ

കോഴിക്കോട് കൊയിലാണ്ടിയിൽ ഉത്സവത്തിനിടെ ആനയിടഞ്ഞുണ്ടായ അപകടത്തിൽ മരിച്ചവരുടെ കുടുംബത്തിന് 5 ലക്ഷം രൂപ സഹായധനം കൈമാറി. മലബാർ - ഗുരുവായൂർ ദേവസ്വം ബോർഡുകൾ ചേർന്നാണ് ധനസഹായം നൽകിയതെന്ന് മന്ത്രി വി.എൻ വാസവൻ പറഞ്ഞു. ഉത്സവ എഴുന്നള്ളിപ്പുകളിൽ നാട്ടാന പരിപാലന ചട്ടം കൃത്യമായി പാലിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

*************************************

## കോൺക്ലേവ്- മുഖ്യമന്ത്രി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ ദേശീയ വനിതാ മാധ്യമ കോൺക്ലേവ്

മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. മന്ത്രി വീണാ ജോർജ് ചടങ്ങിൽ മുഖ്യാതിഥിയാകും. കോൺക്ലേവിന്റെ ഭാഗമായി ടാഗോർ തീയേറ്ററിൽ ഒരുക്കിയിട്ടുള്ള ഫോട്ടോ പ്രദർശനം ഇന്ന് മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും.

************************************

## ശിൽപശാല -മുഖ്യമന്ത്രി

സ്കൂളുകളിൽ അക്കാദമിക നിലവാരം ഉയർത്തുന്നത് ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി നാളെ തിരുവനന്തപുരത്ത് സംസ്ഥാനതല ശിൽപശാല സംഘടിപ്പിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിലാണ് പദ്ധതി നടപ്പിലാക്കുക.

************************************

## ഹിമാചൽപ്രദേശ്- കേരളം

ഹിമാചൽപ്രദേശ് നിയമസഭ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മറ്റി അംഗങ്ങൾ നിയമസഭ സ്പീക്കർ എ എൻ ഷംസീറുമായി കൂടിക്കാഴ്ച നടത്തി. വിവിധ നിയമസഭ സമിതികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിനിധികൾ ചർച്ച ചെയ്തു.

******************************************************

************************************

**********************

RNU TVPM